പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2239 18.12.2012 -ലെ മറുപടി

## അങ്കമാലി കെ.എസ്.ആർ.ടി.സി. സ്റ്റാന്റിലെ പ്രവേശന കവാടത്തിനുള്ള സ്ഥലമെടുപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | അങ്കമാലി കെ.എസ്.ആർ.ടി.സി. സ്റ്റാന്റിലെ പ്രവേശന കവാടത്തിന്റെ നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) യും (ബി) യും | അങ്കമാലി ബസ് സ്റ്റേഷനുള്ള പ്രവേശന കവാടം നിർമ്മിക്കാനായി 3.83 ആർ ഭൂമി പൊന്നും വിലയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടി ധ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ആയതിന്റെ അവാർഡ് പാസ്സാക്കുന്നതിന്റെ നടപടി സ്വീകരിച്ചുവരികയാണ്.<br>അങ്കമാലി ബസ് സ്റ്റേഷനിലേയ്ക്കുള്ള പ്രവേശന കവാടം നിർമ്മിക്കുന്നതിന് മുൻപ് പുറംമ്പോക്ക് ഭൂമിയാണ് എന്ന് എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്ന 3.15 ആർ ഭൂമിയിൽ 0.24 ഭൂമി ഒരു സ്വകാര്യ വ്യക്തിയുടെ പേരിൽ പട്ടയം നൽകിയിട്ടുള്ളതായി തെളിഞ്ഞതിനാൽ പ്രസ്തുത അധിക ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കുള്ള നടപടികളുടെ ഭാഗമായി എറണാകുളം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ആയത് ഇപ്പോൾ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ ഹൈ ലെവൽ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിലേക്ക് ഗതാഗത വകുപ്പിന്റെ ഫയൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. റവന്യൂ വകുപ്പിൽ പ്രസ്തുത വിഷയം ഹൈ ലവൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് അടിയന്തിരമായി സമർപ്പിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച സർക്കാർ തലത്തിലുള്ള ഫയലുകളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ? | | |

Geethakumari

സെക്ഷൻ ഓഫീസർ